Resolutions on matters of General Public Interest.

1. Shifting of the Chief Court to Ramavarmapuram.

Mr. T. A. Ramachandra Ayyar.—Sir, I move the following resolution.

"This Council recommends to the Government that the Chief Court of Cochin be shifted to the Ramavarmapuram buildings in Trichur."

ഈ രാമവർമ്മപുരം കൊച്ചീരാജ്യത്തിന്റെ മദ്ധ്യത്തിൽ ഉള്ള ഒരു സ്ഥലമാണു്. ചീഫ് കോടതിയിലെക്കു കൊച്ചിരാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള ജനങ്ങൾ വരുന്നുണ്ടു്. എല്ലാ ജനങ്ങൾക്കും ആവശ്യമുള്ളതാണു് ആ സ്ഥാപനം. ആ സ്ഥിതിക്കു് ഇതു് ഒരറ്റത്തുകൊണ്ടുപോയി വച്ചിരിയ്ക്കുന്നതു് ജനങ്ങൾക്കു വളരെ കഷ്ടപ്പാടിനിടയാകുന്നുണ്ടു്. ഏകദേശം ൻ ലക്ഷം ജനങ്ങളോളം ആ ഭാഗങ്ങളിൽ നിന്നും വരുന്നവരാണു്. മൂന്നു ലക്ഷം ജനങ്ങളേ കൊച്ചി കണക്കാക്കുന്നുള്ളു. അതുകൊണ്ടു് അധികഭാഗം ജനങ്ങൾക്കും ഇതു് തൃശ്ശിവപേരൂരിനടുത്തു് ആക്കിയാൽ വളരെ സൌകര്യമായിരിയ്ക്കും. ഇപ്പോൾ അവിടെ അഞ്ചാറുലക്ഷം ഉറുപ്പിക ചിലവിട്ടു് മഹാരാജാവുതിരുമനസ്സിലെ പേരുംപറഞ്ഞു് ഒരു സ്ഥലം എടുത്തിട്ടുണ്ടു്. അവിടെ കോളേജു തുടങ്ങണമെന്നു് ആദ്യം തീർച്ചയാക്കി. പിന്നീടു് അതു പാടില്ല എന്നുവച്ചു. എന്നാൽ ചീഫ് കോടതി അവിടെ ആക്കിയാൽവളരെ സൌകര്യമുണ്ടു്. അവിടെയുള്ള കെട്ടിടങ്ങൾ വക്കീലന്മാരുടെ ആഫീസു് മുറികളായിട്ടു വാടകയ്ക്കു കൊടുക്കുകയുംചെയ്യാം. ഇപ്പോഴത്തെ നിലയിൽ സ്വല്പം ഭേദഗതികൾകൂടെചെയ്താൽ സൌകര്യമായ കോടതികൾ നടത്തുവാനും സാധിയ്ക്കുന്നതാണു്. അതുകൊണ്ടു് ചീഫ് കോടതി അവിടേയ്ക്കു മാറണമെന്നാണു് എനിയ്ക്കുപറയുവാനുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഞാൻ ഈ പ്രമേയത്തെ അനുകൂലിയ്ക്കുന്നു. ഇതിലും ഉപയോഗപ്രദമായ പ്രമേയത്തെ പിൻതാങ്ങുവാൻ ആളില്ലാത്തതുകൊണ്ടു് അങ്ങിനെ ഒരാക്ഷേപം വരരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഇപ്പോൾ എഴുനേറ്റുനില്ക്കുന്നതു്. (മെമ്പർ ഇതിലും പറഞ്ഞുകഴിഞ്ഞപ്പോൾ പിലർ തിരിഞ്ഞുനോക്കീട്ടു് 'ഇതിലുള്ളോ' എന്നു ഭാവങ്ങൾ ചോദിയ്ക്കുന്നു). ഇതിലുമല്ല; കൊച്ചിരാജ്യത്തിന്റെ മദ്ധ്യത്തിലുള്ള തൃശ്ശിവപേരൂരിൽ കൊച്ചീരാജ്യത്തെ അപ്പീലില്ലാ കോടതി മാറ്റികിട്ടണമെന്നുപറയുമ്പോൾ ചില ആളുകളെല്ലാം അതിനെ എതിർക്കുമെന്നു ഞങ്ങൾക്കറിയാം. ഇതു് ചില പ്രത്യേകഉദ്ദേശത്തോടുകൂടിയാണു് എന്നും ഞങ്ങൾക്കറിയാം. ഈ സഭയിൽ ഇന്നു പ്രത്യേക കാരണങ്ങളാൽമാത്രം ഹാജരാകുവാൻ ഇടയായ ചില മെമ്പർമാരുടെ സാന്നിദ്ധ്യംകൊണ്ടു പ്രത്യേകിച്ചും ഇവിടെ കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുവന്നിട്ടുള്ള ഈ പ്രമേയം ഫലപ്പെടുത്തുവാൻ സാധിയ്ക്കുകയില്ലെന്നും ഞങ്ങൾക്കറിയാം. എങ്കിലും പൊതുവെ കൊച്ചീരാജ്യത്തുള്ള സകല ആളുകൾക്കും വളരെ പ്രേമത്തോടുകൂടി വിചാരിയ്ക്കുവാനിടയുള്ളതും അങ്ങിനെ വിചാരിച്ചുവരുന്നതും ആയ ഒരു പേരോടുകൂടിചേർത്ത ആ സ്ഥലത്തേയ്ക്ക് ഇങ്ങനെയുള്ള ഒരു സ്ഥാപനത്തെ കൊണ്ടുപോകുന്നതിനെപ്പറ്റിയുള്ള ഗുണം എന്താണെന്നുള്ളതു ആലോചിയ്ക്കാവുന്നതാണ്. കാളേജ് അവിടേയ്ക്ക് കൊണ്ടുപോകുന്നതാണെങ്കിൽ അതു് ഒരു വിജനപ്രദേശമാണ്, കുക്കറേയും മറ്റും അധിവാസസ്ഥലമാണ് എന്നുള്ള ആക്ഷേപങ്ങളാണ് പറഞ്ഞിരുന്നതു്. എന്നാൽ എറണാകുളം, തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിൽനിന്നും ഈ രണ്ടാം അപ്പീലിനുമാത്രം വരുന്ന ആളുകൾക്ക് വിജനപ്രദേശമായാലും തരക്കേടില്ല. ചീഫ് കോടതിയുടെ ആവശ്യംതന്നെ അവസാനതീർപ്പുകൽപ ആലോചിയ്ക്കുവാൻവേണ്ടിവച്ചിട്ടുള്ളതാണ്. അങ്ങിനെയുള്ള സ്ഥലത്ത് പോകുവാൻ അധികം ആളുകൾ ഉണ്ടാകയില്ല. അങ്ങിനെയുള്ള ഒരു കോടതി ആ സ്ഥലത്താക്കുന്നതിൽ യാതൊരാൾക്കും എതിരുണ്ടായിരിപ്പാൻ ന്യായമില്ല. എന്നാൽ ഇതിനു ദോഷമായിട്ടോ, എതിരേയോ പറയുന്നവർ ഇതിനെ ഇവിടെനിന്നും വിട്ടുതിക്കളയുവാൻ മനസ്സില്ലാത്തവർമാത്രമായിരിക്കും. ഗവൺമെൻറ് ഇതിന്റെ ഉള്ളിലുള്ള തത്വങ്ങളെ നല്ലവണ്ണംനോക്കി എന്താണ് അതിൽ സാരമായിട്ടുള്ളതെന്നു കണ്ടുപിടിയ്ക്കുവാൻ നല്ലവണ്ണം ശ്രമിയ്ക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ ഹൃദയപൂർവ്വം പിൻതാങ്ങുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—പഞ്ചതന്ത്രത്തിൽ ചില കോടതികളെപ്പറ്റി പറഞ്ഞിട്ടുണ്ട്—കുക്കൻ ജഡ്ജിയും കഴുത വക്കീലും മറ്റും ആയിട്ട്. അതുപോലുള്ള ഒരു കോടതി കൂടുവാനായിട്ടു ഈ സ്ഥലം ആവശ്യപ്പെടുന്നതു് അനുവദിച്ചു കൊടുക്കണമെന്നതന്നേയാണ് എന്റേയും അഭിപ്രായം.

മിസ്റ്റർ ടി. കെ. നായർ.—ഈ പ്രമേയത്തിന്റെ ഉദ്ദേശം ചീഫ്കോടതി അങ്ങോട്ടു മാറണമെന്നുള്ളതാണ്. എന്നാൽ ഇവിടെനിന്നു കോടതി അങ്ങോട്ടു മാറിയാൽ ജഡ്ജി കുക്കനാകുമെന്നും, വക്കീൽ കഴുതയാകുമെന്നും പറഞ്ഞതോടുകൂടി അവിടേക്കു മാറുവാൻ നിശ്ചയിച്ചിട്ടുള്ള അപ്പീസ്സുകളിലെ മേലധികാരികൾ എന്തെന്നാകുമെന്നുകൂടി പറയാമായിരുന്നു. പഞ്ചായത്തു റജിസ്ട്രാരാപ്പീസ്സ് അങ്ങോട്ടു മാറിയാൽ അദ്ദേഹം എന്താകും; കൺട്രോളേഴ്സ് ആപ്പീസ്സ് അങ്ങോട്ടു മാറിയാൽ അദ്ദേഹം എന്താകും; ജഡ്ജിയും വക്കീലിനും കുക്കന്റേയും കഴുതയുടേയും സ്ഥാനം കൊടുത്തു കഴിഞ്ഞാൽ ഈ ബഹുമാനപ്പെട്ട മാന്യന്മാ

LIBRARY ARCHIVES Kerala Legislative Assembly

രെക്കുടി അങ്ങോട്ടയക്കുമ്പോൾ അവർക്ക് എന്തു പേരുകളാണ് കൊടുക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ.—സർ, ഇതു് ഇവിടെ നിന്നും മാറുന്നതുകൊണ്ടു് അങ്ങോട്ടു പോകുന്ന ചില വക്കീലന്മാരെ നിറുത്തിച്ചു കഴിഞ്ഞാൽ മറുള്ളവർക്കു പ്രാക്ടീസു് തുടങ്ങുവാൻ സൌകര്യം കിട്ടുമെന്നുള്ളതുകൊണ്ടു് ഇതു് മാറ്റിയാൽ കൊള്ളാമെന്നു് ഞാനും അഭിപ്രായപ്പെടുന്നു.

Mr. K. Achyuta Menon.—Sir, on behalf of the Government I have to oppose this resolution. The respect due to the Hon'ble Member prevents me from characterising the resolution as amusing but to a certain extent it is amazing and the discussion which followed shows the attitude of the House and the importance they attach to this resolution. But one thing I would like to say and that is with respect to the Hon'ble Member's argument that the location of all important places should be in the centre of the State. That was the only argument. Is this in all cases feasible? Suppose you think of the State as resembling the human body, is not the argument something like a plea that the location of the brain should be in the centre of the human mechanism, instead of being at the head, which is the capital? One thing has to be said about the resolution and that is that it does not lack daring and originality. But I am afraid the resolution is outside the range of practical politics. Therefore, on behalf of the Government, I oppose the resolution.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ പ്രമേയം ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശം ഇന്നതാണെന്നു് ശവമ്മേൻറനറിയുവാൻ സാധിച്ചു. ഞാനും അത്രമാത്രമേ ഉദ്ദേശിച്ചിരുന്നുള്ളു. ഇങ്ങനെ വെറുതെ ഒരു ലക്ഷം, രണ്ടു ലക്ഷം വിലവിട്ടിട്ടു് കെട്ടിടങ്ങളുണ്ടാക്കി അതു് എങ്ങിനെ ഉപയോഗിയ്ക്കണമെന്നറിയാതെയിരിയ്ക്കുന്നിടത്തോളം കാലം എത്ര പ്രാവശ്യം അതിനെപ്പറ്റി ആക്ഷേപിയ്ക്കുവാൻ കഴിയുമോ അത്രയും പ്രാവശ്യം ഇതുപോലെ സംസാരിയ്ക്കണമെന്നും ആക്ഷേപിയ്ക്കണമെന്നുമാണു് എന്റെ ഉദ്ദേശം. ആ ഉദ്ദേശം സാധിച്ചു കഴിഞ്ഞതുകൊണ്ടു ഞാൻ ഇതിനെ പിൻവലിയ്ക്കുന്നു.

Resolution withdrawn with leave of the House.

2. Gratuity to the family of deceased Government Servants.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ അവതരിപ്പിയ്ക്കുവാൻ പോകുന്ന പ്രമേയം ആദ്യമായി ഇവിടെ വായിയ്ക്കാം. "*This Council recommends to the Government that gratuity may be given to the family of Government Servants drawing a salary of Rs. 250 and below who die in harness after a service of 5 years and above*

LIBRARY ARCHIVES Kerala Legislative Assembly